**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 521** **13-01-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ഡി.പി.യിൽ ഉല്പാദിപ്പിക്കുന്ന മരുന്നുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനിൽ അക്കര | | Shri E. P. Jayarajan<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) | |
| (എ) | അവയവ മാറ്റ ശസ്ത്രക്രിയക്ക് ശേഷം രോഗികൾ ഉപയോഗിക്കുന്ന അനിവാര്യ മരുന്നുകൾ ഉല്പാദിപ്പിക്കുന്നതിന് കെ.എസ്.ഡി.പി.ക്ക് കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ മരുന്നുകളാണ് ഉല്പാദിപ്പിക്കുന്നതെന്ന് അറിയിക്കാമോ; | (എ) | ഉണ്ട്. മരുന്നുകളുടെ വിവരം ചുവടെ ചേർക്കുന്നു. 1. ടാക്രോലിമസ് ടാബ് ലറ്റ്സ് 0.75 മി.ഗ്രാം 2. ടാക്രോലിമസ് ടാബ് ലറ്റ്സ് 1.00 മി.ഗ്രാം 3. ടാക്രോലിമസ് ടാബ് ലറ്റ്സ് 4 മി.ഗ്രാം 4. ടാക്രോലിമസ് ക്യാപ്സ്യൂൾ 0.5 മി.ഗ്രാം 5. ടാക്രോലിമസ് ക്യാപ്സ്യൂൾ 1 മി.ഗ്രാം 6. ടാക്രോലിമസ് ക്യാപ്സ്യൂൾ 5മി.ഗ്രാം 7. മൈക്രോഫിനോലേറ്റ്സ് ക്യാപ്സ്യൂൾ 200 മി.ഗ്രാം 8. മൈക്രോഫിനോലേറ്റ്സ് ടാബ് ലറ്റ്സ് 500 മി.ഗ്രാം 9. അസാതയോപ്രിൻ ടാബ് ലറ്റ്സ് 50 മി.ഗ്രാം |
| (ബി) | പ്രസ്തുത മരുന്നുകൾ കുറഞ്ഞ വിലയ്ക്ക് ജനങ്ങളിൽ എത്തിക്കുവാൻ പദ്ധതിയുണ്ടോ; എങ്കിൽ എത്ര ശതമാനം വിലക്കുറവിലാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. 30 മുതൽ 70 % വരെ വിലകുറവിൽ മരുന്നുകൾ ലഭ്യമാക്കുവാനാണ് പദ്ധതിയിട്ടിട്ടുള്ളത്. |
| (സി) | കെ.എസ്.ഡി.പി.യുടെ കീഴിലുള്ള ഓങ്കോളജി പാർക്കിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ; ഇതിനായി കിഫ്ബിയിൽ നിന്നും എന്ത് ധനസഹായമാണ് ലഭ്യമായിട്ടുള്ളതെന്ന് വിശദമാക്കുമോ; | (സി) | ഇല്ല. കെ.എസ്.ഡി.പി.യുടെ കീഴിലുള്ള ഓങ്കോളജി പാർക്കിന്റെ നിർമ്മാണം ആരംഭിച്ചിട്ടില്ല. ഇതിനായി പൈലറ്റ് റിപ്പോർട്ട് കിഫ്ബിക്ക് സമർപ്പിച്ചിരിക്കുകയാണ്. പ്രസ്തുത പദ്ധതിക്കായി ഫണ്ട് ഒന്നും തന്നെ കിഫ്ബിയിൽ നിന്നും ലഭിച്ചിട്ടില്ല. ഫണ്ടും സ്ഥലവും ലഭ്യമാക്കുന്ന മുറക്ക് നിർമ്മാണ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | പ്രസ്തുത പാർക്കിന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കുമോ? | (ഡി) | കെ.എസ്.ഡി.പി.യുടെ കീഴിലുള്ള ഓങ്കോളജി പാർക്കിന്റെ നിർമ്മാണം ആരംഭിച്ചിട്ടില്ല. ഇതിനായി പൈലറ്റ് റിപ്പോർട്ട് കിഫ്ബിക്ക് സമർപ്പിച്ചിരിക്കുകയാണ്. പ്രസ്തുത പദ്ധതിക്കായി ഫണ്ട് ഒന്നും തന്നെ കിഫ്ബിയിൽ നിന്നും ലഭിച്ചിട്ടില്ല. ഫണ്ടും സ്ഥലവും ലഭ്യമാക്കുന്ന മുറക്ക് നിർമ്മാണ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ